# മൗണ്ട് താബോർ ഹൈസ്കൂൾ

## പത്തനാപുരം

**2025-2026**

## ആമുഖം

കൊല്ലംജില്ലയിലെ പത്തനാപുരം പഞ്ചായത്തിൽഉൾപ്പെട്ട പത്തനാപുരം പട്ടണത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് മൗണ്ട് താബോർ ഗേൾസ് ഹൈസ്കൂൾ.നീതിയിലധിഷ്ഠിതമായ തുല്യതയിൽ ഊന്നിയുള്ളഗുണമേന്മ വിദ്യാഭ്യാസംഉറപ്പാക്കാൻ കഴിയുന്നുഎന്നത് ഏറെ അഭിമാനം നൽകുന്നു.ഓരോ കുട്ടിയുടെയും ഇടമായി പൊതു വിദ്യാലയങ്ങൾ മാറേണ്ടതും കുട്ടികളുടെ കഴിവുകളെ കണ്ടെത്തി അത് ഏറ്റവും ഉന്നതിയിൽ എത്തിക്കാനുള്ള അവസരങ്ങൾ പ്രദാനം ചെയ്യേണ്ടതും കാലഘട്ടത്തിന്റെ ആവശ്യം തന്നെയാണ്.ഇന്ന് കുട്ടി ജീവിക്കുന്ന ലോകക്രമം മത്സരാധിഷ്ഠിതമാണ് ഇത്തരം മത്സരാർത്ഥിത ലോകത്തിൽ പ്രശ്ന നിർദ്ധാരണമാണ് പ്രധാനം . ഈ കഴിവുകൾ കുട്ടികൾ ആർജിക്കുന്ന തരത്തിൽ അവരെ വളർത്തിയെടു ക്കേണ്ടതുണ്ട്.ഇത്തരത്തിൽ വിദ്യാസമ്പന്നമായ ഒരു പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുവാൻ സാധിക്കുന്നു എന്നത് മൗണ്ട് താബോർവിദ്യാഭ്യാസ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം വലിയ നേട്ടം തന്നെയാണ്.

വിദ്യാഭ്യാസം സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ വികസന പ്രവർത്തനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു .ആഗോളതലത്തിൽ വലിയ പരിവർത്തനങ്ങൾ നടക്കുകയാണ് നിർമ്മിത ബുദ്ധിയും റോബോട്ടിക്കും വിവര വിനിമയ സാങ്കേതികവിദ്യയും എല്ലാ മേഖലകളിലും സ്വാധീനം ചെലുത്തുന്നു .സർവ്വ മേഖലകളിലും ഉണ്ടാകുന്ന മാറ്റത്തിന്റെ വേഗം കൂടുതലാണ്. അറിവി ന്റെ നിർമ്മാണം അറിവിന്റെ പ്രയോഗം അറിവിന്റെ സാർവത്രിക വൽക്കരണം അറിവിന്റെ ജനാധിപത്യവൽക്കരണം എന്നിവയെ ആധാരമാക്കിയുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആണ് ജ്ഞാനാധിഷ്ഠിത സമൂഹത്തിന്റെയും ജ്ഞാനാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെയും അടിത്തറയാകുന്നത് .അറിവിന്റെയും സാങ്കേതികവിദ്യയുടെയും സ്വീകർത്താക്കൾ എന്നതിനപ്പുറം ഉൽപാദകരായി മാറിയാൽ മാത്രമേ കേരളത്തിന് മുന്നേറ്റം സാധ്യമാകൂപഠനത്തിന് ആവശ്യമായ വിവരങ്ങൾ വിവരവിനിമയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ നേരിട്ട് ക്ലാസ് മുറിയിൽ ലഭ്യമാകുന്ന കാലമാണിത്.എല്ലാ വിവരങ്ങളും പാഠപുസ്തകത്തിലും മറ്റുമായി കേന്ദ്രീകരിക്കപ്പെട്ടിരുന്ന അവസ്ഥയിൽ നിന്നും മാറി അവ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു പഠനത്തിന് ആവശ്യമായ അധിക വിവരങ്ങൾ മറ്റു സഹായക സാമഗ്രികൾ വിദഗ്ധരുടെ ക്ലാസുകൾ എന്നിവയെല്ലാം ഇപ്രകാരം കുട്ടികളിൽ എത്തുന്നു.ഇത്തരം സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ളബോധനരീതി കുട്ടികളുടെപഠന പുരോഗതിയിൽ നിന്ന് തന്നെ മനസ്സിലാക്കാവുന്നതാണ്

വിവിധ കാരണങ്ങളാൽ ജീവിതത്തിൻറെ മുഖ്യധാരയിൽ നിന്ന് പുറത്താക്കപ്പെട്ടവരെ ശരിയാവും വണ്ണം പരിഗണിക്കുവാൻ ഈ സ്കൂളിൻറെ പ്രവർത്തനം കാരണമാകുന്നു.കാലാവസ്ഥാ വ്യതിയാനം ലോകത്ത് വലിയ ദുരന്തങ്ങൾ സൃഷ്ടിക്കുകയാണ് മാറിയ കാലാവസ്ഥയ്ക്ക് അനുഗുണമായ

രീതിയിൽ ചിട്ടപ്പെടുത്തുക എന്ന കഠിനമായ വെല്ലുവിളി നാം ഏറ്റെടുക്കേണ്ടതുണ്ട് ദുരന്തമുഖത്ത് നിന്നും രക്ഷപ്പെടാനുള്ള അറിവും തന്ത്രങ്ങളും സ്കൂൾ വിദ്യാഭ്യാസത്തിലൂടെ നൽകേണ്ടതുണ്ട്.ഇത്തരം പ്രയാസത്തിലൂടെ കടന്നു പോകുന്ന കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും തണൽ ആകുന്നതിന് മൗണ്ട് താബോർ കുടുംബത്തിന് സാധിച്ചിട്ടുണ്ട്

കുട്ടികൾക്ക് കൂട്ടുകാരോടൊത്ത് കളിക്കാനും ഇടപെടാനും ആഹ്ലാദിക്കാനും ഉള്ള അവസരം പരിമിതപ്പെടുത്താതെ കലാകായിക രംഗങ്ങളിൽ അവർക്ക് ഏറെ അവസരം നൽകുവാൻ സാധിക്കുന്നു.പരിസ്ഥിതി സംരക്ഷണം മാലിന്യനിർമാർജനം ആരോഗ്യ പരിപാലനം ലഹരി വിരുദ്ധ പ്രവർത്തനങ്ങൾഎന്നിവയെ കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ കൂടാതെ കൗൺസിലിംഗ് ക്ലാസുകൾ എന്നിവ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു.കഴിഞ്ഞ കാലങ്ങളിൽ സ്കൂൾ നേടിയെടുത്ത തലയെടുപ്പ് ഇതിന്റെയൊക്കെ ഉദാഹരണങ്ങളാണ്.

കൂടാതെ ഭിന്നശേഷി വിഭാഗങ്ങളിൽ പഠന വൈകല്യമുള്ള കുട്ടികളെ സ്കൂളിന്റെ തന്നെ ഭാഗമായി മാറ്റുവാൻ കഴിഞ്ഞു.ഭിന്നശേഷി വിഭാഗത്തിലെ ഓരോ കുട്ടിയുടെയും സവിശേഷതകൾ പരിഗണിച്ചുകൊണ്ട് സഹപഠിതാക്കളുടെയുംരക്ഷിതാക്കളുടെയും അധ്യാപകരുടെയും പിന്തുണയോടെ അവരെ മുഖ്യധാരയിൽ എത്തിക്കാൻ കഴിഞ്ഞത് സ്ഥാപനത്തിന്റെ കരുതലിന്റെ മുഖമുദ്രയാണ്.

അധ്യാപക രക്ഷാകത്ര സമിതി സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി സ്കൂൾ വികസന സമിതി ക്ലാസ് പിടിഎ പൂർവ വിദ്യാർഥി സംഘടന പൂർവ്വ അധ്യാപക സംഘടന എന്നിങ്ങനെ വിവിധങ്ങളായ സമിതികൾ സ്കൂളുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്നത് സ്കൂളിൻറെ എല്ലാ മേഖലകളിലും ഉള്ള വളർച്ചയ്ക്ക് ഒരു മുതൽക്കൂട്ട് തന്നെയാണ്.വിദ്യാഭ്യാസ തൽപരരായ ആളുകളെ സ്കൂളുമായി ബന്ധപ്പെടുത്തുകയും സ്കൂൾ പ്രവർത്തനങ്ങൾക്ക് പങ്കാളികളാക്കുകയും ചെയ്യുന്നത് സ്കൂൾ വികസനത്തിന് തന്നെസഹായകമായി തീർന്നിട്ടുണ്ട്

ദേശീയ തലങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് 1800 പരം കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ മികവാർന്ന വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ അനസ്യൂതം തുടരുകയാണ്.

# സ്കൂൾ ചരിത്രം

പത്തനാപുരം താബോറിൽ അന്ത്യവിശ്രമം കൊള്ളുന്ന താബോർ ദയറായുടെ പിതാവായിരുന്ന വലിയ തിരുമേനി എന്ന് ആദരവോടെ എല്ലാവരും വിളിക്കുന്ന മാർത്തോമാ ദിവനാസ് പിതാവിൻറെ സ്വപ്നസാക്ഷാത്കാരമാണ് മൗണ്ട് താബോർ വിദ്യാഭ്യാസ സമുച്ചയം.
വിദ്യാഭ്യാസ വിചക്ഷണനും ക്രാന്ത ദർശിയുമായിരുന്ന അദ്ദേഹത്തിന്റെ ദീർഘവീക്ഷണം 9 പതിറ്റാണ്ടുകൾക്ക് മുമ്പ് പത്തനാപുരത്ത് മനോഹരമായ കുന്നിൻ മുകളിൽ ഒരു ആശ്രമത്തിനു മാത്രമല്ല മികച്ച വിദ്യാഭ്യാസ കേന്ദ്രത്തിനും അടിത്തറ പാകി. 1926 ൽസ്ഥാപിച്ച സെൻറ് സ്റ്റീഫൻസ് ഇംഗ്ലീഷ് മിഡിൽ സ്കൂൾ ഹൈസ്കൂൾ ആയി വളർന്നു.തുടർന്ന് പെൺകുട്ടികളുടെ വിദ്യാഭ്യാസം ലക്ഷ്യം വെച്ച് 1962പെൺകുട്ടികൾക്കായി മൗണ്ട് താബോർ ഗേൾസ് ഹൈസ്കൂൾ സ്ഥാപിച്ചു.വിദ്യാഭ്യാസ മേഖലയിൽ തനതായ പേരും പെരുമയും കൈവരിക്കുവാൻഈ സ്ഥാപനത്തിന് കഴിയുന്നു എന്നത് സ്കൂൾ മാനേജ്മെന്റിനുംഅധ്യാപകർക്കും വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനും അഭിമാനം തന്നെ.

# നേട്ടങ്ങൾ

## അക്കാദമികം

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിൽ സ്കൂൾ എക്കാലവും മുൻനിരയിൽ തന്നെയാണ്.100% വിജയവും എ പ്ലസ് നേടുന്ന കുട്ടികളുടെ എണ്ണവും വിവിധ സ്കോളർഷിപ്പ് പരീക്ഷകളിൽ കൈവരിക്കുന്ന വിജയവും സ്കൂളിൻറെ അക്കാദമിക നിലവാരം ഉയർത്തി കാട്ടുന്നു.കുട്ടികളുടെ നിലവാരത്തിന് അനുസരിച്ച് പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർധിപ്പിച്ച് പരീക്ഷയെ നേരിടുവാൻ അവരെ പ്രാപ്തരാക്കാൻ കഴിയുന്നത് സ്കൂളിന്റെ വലിയ നേട്ടംതന്നെയാണ്. USS NMMS തുടങ്ങിയ വിവിധ സ്കോളർഷിപ്പ് പരീക്ഷകളിൽ വളരെയധികം കുട്ടികളെ പങ്കെടുപ്പിക്കുന്നതും കുട്ടികൾ സ്കോളർഷിപ്പ് കൈവരിക്കുന്നതും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വിവിധ മേളകളിൽ പങ്കെടുത്ത് കുട്ടികൾ വിജയം നേടുന്നതുംനേടുന്നതുംഅക്കാദമികവിന്റെ മകുടോഹരണങ്ങളാണ്.

# മാതൃഭാഷ പഠനം

അഞ്ചു മുതൽ 10 വരെയുള്ള എല്ലാ ക്ലാസുകളിലെ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിച്ച നിലവാരത്തിലേക്ക് എത്തിക്കാൻ കഴിയുന്നില്ല. സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല. പൂർണമായി എത്തിച്ചേരാൻ അവർക്ക് കഴിയുന്നില്ല.

ഇതിന് പരിഹാരമായി പിറന്നാളിന് ഒരു പുസ്തകം നൽകുവാനും ലൈബ്രറിയിൽ നിന്നെടുക്കുന്ന പുസ്തകങ്ങളുടെ വായനക്കുറിപ്പ് കഥ കവിത ശില്പശാല, സെമിനാർ, ചുവർ മാഗസിൻ ,കയ്യെഴുത്ത് മാഗസിൻ ,സാഹിത്യ പഠനയാത്ര വായനക്കൂട്ടം എഴുത്തുകൂട്ടം, അഭിമുഖം ഇത്തരം പ്രവർത്തനങ്ങളിലൂടെ മലയാളഭാഷ പഠനത്തിലേക്ക് പൂർണമായി എത്തിച്ചേരാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. സബ് ജില്ലയിൽ കൂടുതൽ കുട്ടികളുടെ എസ്എസ്എൽസി പരീക്ഷയ്ക്ക് എത്തി മികച്ച വിജയവും കൂടുതൽ ഫുൾ A+ നേടുന്ന വിദ്യാലയമായി മാറാൻ കഴിഞ്ഞു NMMS പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ഉന്നത വിജയത്തിലേക്ക് കൂടുതൽ കുട്ടികളെ എത്തിക്കുവാൻ സാധിച്ചു . പ്രവർത്തനങ്ങളിലൂടെ പഠിക്കാൻ ഉപകരിക്കുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു സ്കൗട്ട് ഗൈഡ് ജെ ആർ സി ക്ലബ് എൻസിസി തുടങ്ങിയ ക്ലബ്ബുകളിലൂടെ കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുവാൻ സാധിക്കുന്നു.

## സാമൂഹിക നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിന് ബന്ധിപ്പിക്കുന്നു സാമൂഹ്യ ശുചിത്വം ട്രാഫിക് നിയന്ത്രണം വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കൽ ഭവന പദ്ധതികളിൽ ഉള്ള പങ്കാളിത്തം തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികളെ സമൂഹവുമായി കൂടുതൽ അടുക്കുവാനും സാമൂഹ്യ പുരോഗതികളിൽ പങ്കാളികളാകുവാനും സഹായിക്കുന്നു.

## സ്കൂൾ വിവരങ്ങൾ

| | |
|---|---|
| സ്കൂളിൻറെ പേര് | മൗണ്ട് താബോർ ഹൈസ്കൂൾ |
| വിലാസം | പത്തനാപുരം പി ഒ കൊല്ലം ജില്ല |
| റവന്യൂ ജില്ല | കൊല്ലം |
| സ്കൂൾ കോഡ് | 40009 |
| ഇമെയിൽ അഡ്രസ് | |
| പിൻകോഡ് | 68 96 95 |
| ഫോൺ നമ്പർ | |
| ഗ്രാമപഞ്ചായത്ത് | പത്തനാപുരം |
| താലൂക്ക് | പത്തനാപുരം |
| ബ്ലോക്ക് | പത്തനാപുരം |
| വിദ്യാഭ്യാസ ജില്ല | പുനലൂർ |
| സബ്ജില്ല | പുനലൂർ |
| റവന്യൂ ജില്ല | കൊല്ലം |
| ക്ലാസുകൾ | 5 മുതൽ 10 വരെ |
| പഠനം മാധ്യമം | മലയാളം, ഇംഗ്ലീഷ് |
| മാനേജ്മെൻറ് | എയ്ഡഡ് |
| മാനേജർ | വെരി റവ. സാമുവൽ റമ്പാൻ |
| ഹെഡ്മാസ്റ്റർ | ശ്രീ റോയ് കുര്യക്കോസ് |
| ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ് | ശ്രീമതി മറിയാമ്മ |
| അധ്യാപകരുടെ എണ്ണം | 65 |
| അനധ്യാപകരുടെ എണ്ണം | 7 |
| വിദ്യാർഥിനികളുടെ എണ്ണം | 1647 |
| ക്ലാസ് 5 | 203 |
| ക്ലാസ് 6 | 224 |
| ക്ലാസ് 7 | 281 |
| ക്ലാസ് 8 | 321 |
| ക്ലാസ് 9 | 288 |
| ക്ലാസ് 10 | 330 |

| Subject & | Class | Duration | Objective | Strategy | In charge |
|---|---|---|---|---|---|
| **Malayalam** **5-10** | | 1 year | *മുഴുവൻ കുട്ടികൾക്കും സർഗാത്മക രചനകൾക്കും അവതരണത്തിനുമുള്ള അവസരം നൽകുക<br><br>*എല്ലാ കുട്ടികളും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും കരസ്ഥമാക്കിയിട്ടുണ്ടെന്നുറപ്പു വരുത്തുക<br><br>* എല്ലാകുട്ടികളും ആശയം ഗ്രഹിച്ച് അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന ഉറപ്പുവരുത്തുക<br><br>*ഭാഷാശേഷിവികാസത്തിനായി ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക<br><br>*സെമിനാർ ,ശില്പശാല, ക്യാമ്പ് എന്നിവ സംഘടിപ്പിക്കുക | *കഥ, കവിത, ചിത്രരചന<br>*വായനാ മത്സരം<br>*നിഘണ്ടു നിർമ്മാണം<br><br>* ഒരു കുട്ടി ഒരു പുസ്തകം സംഭാവന<br>*പോസ്റ്റർനിർമ്മാണം<br>*സാഹിത്യകാരന്മാരുടെ ആൽബം തയ്യാറാക്കൽ<br>*ലൈബ്രറി പുസ്തക വായന<br>*കഥാപതിപ്പ്<br>*കവിതാപതിപ്പ്<br>*ചുമർപത്രം<br>*കാർട്ടൂൺ<br><br>*വായനക്കുറിപ്പ് മത്സരം<br>*സെമിനാർ<br>*എല്ലാ കുട്ടികൾക്കും പ്രസംഗം പറയാനുള്ള അവസരം<br>*ഉപന്യാസരചനാ മത്സരം<br>*പുസ്തകക്കുറിപ്പ് മത്സരം | മലയാളം അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| Arabic | 5-10 | | ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന് അറബി ഭാഷ പഠിക്കാനും സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.<br><br>കരിക്കുലം ലക്ഷ്യം അറബിഭാഷ പഠന നേട്ടങ്ങൾ കുട്ടികളിൽ ഉറപ്പു വരുത്തുക.<br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക.<br>ഭാഷാപഠനത്തിൽ ഐടിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനും ഉള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക<br>സർഗ്ഗ കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക | ► പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>► മുന്നറിവ്വ് പരിശോധിക്കൽ<br>► അക്ഷരങ്ങൾ ഉറപ്പിക്കൽ<br>► വാചകങ്ങൾ നിർമിക്കൽ.<br><br>► സ്മാർട്ട് ക്ലാസ്റൂം ,<br>► അറബി ഭാഷ സാഹിത്യ ലേഖനങ്ങൾ<br>► ചിത്രീകരണങ്ങൾ<br>► സിനിമ<br>► ആനിമേഷൻ സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | അറബിക് അധ്യാപകർ |
| English | 5-10 | 1 Academic year | | | |

| | | | | | |
|---|---|---|---|---|---|
| Hindi | 5-10 | 1 year | 5,6,7ക്ലാസ്സ് അക്ഷര ബോധം ഉറപ്പിക്കൽ ഹിന്ദി സംസാരം അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചു എടുക്കുക<br><br>2. ഹിന്ദി വായന<br>തെറ്റ് കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും<br><br>3. ഹിന്ദി സംസാരം<br>ഹിന്ദി സംസാരിക്കുവാനുള്ള കഴിവുണ്ടാക്കി എടുക്കും.നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും | പുതിയ പദങ്ങൾ പദ്യം ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുക്കുക പഠിപ്പിക്കും<br>ചിത്രകഥ അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ<br>എന്നിവ<br><br>നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സിഡി താഴെ ഹിന്ദി വാക്യമുള്ളവ കാണിക്കും<br><br>ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും . അവരുടെ ചെറിയ | ഹിന്ദി അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | | | ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസ്സിൽ കൊണ്ടുവരും<br>വായനയ്ക്ക് ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടി ശ്രദ്ധയോടെ അത് ശരിയായി വായിക്കും<br><br>റീഡറി ഫൈറ്റ് മത്സര വായന തെറ്റാതെ ആവർത്തിക്കാതെ പാസ് ഇല്ല കൂടുതൽ ശരി വായിക്കണം<br>ആ കുട്ടിക്ക് സമ്മാനം നൽകണം | |

| | | | | | |
|---|---|---|---|---|---|
| Social Science | 5 - 10. | June<br><br>1 year<br><br>1 year | 1, പഠിതാക്കളെ. ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുന്നു<br><br>2,ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക<br><br>3, വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും,ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും,റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു<br><br>4,സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | Virtual field trip ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു<br><br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ അധ്യാപകരോടൊപ്പം പങ്കെടുത്ത ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു<br><br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോ | സോഷ്യൽ സയൻസ് അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | | | ടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ,സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ,സെമിനാർ എന്നിവ സംഘടിപ്പിക്കുന്നു<br><br>മത്സര പരീക്ഷകൾ എഴുതുവാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷ നേരം കൊണ്ണ്ടെന്നരീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസുകൾ | |

| | | | | | |
|---|---|---|---|---|---|
| | | | | എന്നിവ സംഘടിപ്പിക്കുന്നു | |

| | | | | | |
|---|---|---|---|---|---|
| Science | 5 -10 | 1 Academic Year | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങൾ നടത്തുന്നു. | Science Teachers |
| | | | | പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു. | Science Teachers |
| | | Academic Year | നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുന്നു. | പഠനം ആയാസരഹിതവും ആഹ്ലാദകരവുമായ അനുഭവമാക്കി മാറ്റാൻ നൂതന ആശയങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തുന്നു. | |
| | | | | ക്ലാസുകളിൽ സെമിനാർ അവതരിപ്പിച്ച മെച്ചപ്പെട്ടവ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | Science Teachers |
| | | Academic Year | ശാസ്ത്രപ്രക്രിയ ശേഷി വർദ്ധിപ്പിക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാ | |

| | | | | | |
|---|---|---|---|---|---|
| | | Academic Year<br><br>October - November | കുട്ടികളിൽ ശാസ്ത്രബോധം വർദ്ധിപ്പിക്കുന്നു.<br><br>പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | ൻ അവസരം നൽകുന്നു.<br><br>ആരോഗ്യ ക്ലാസ്, ശാസ്ത്ര ക്ലാസ്സ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. (BMI കണ്ടെത്തുന്ന പ്രോജക്ട്)<br><br>ലൈബ്രറിയിൽ നിന്നും ശാസ്ത്രവുമായി ബന്ധപ്പെട്ട മാസികകൾ പുസ്തകങ്ങൾ എന്നിവ നൽകുന്നു സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br><br>ഔഷധത്തോട്ട നിർമ്മാണം. സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിഥ | Science Club and Science Teachers<br><br>Science Club<br><br>Science Club and Science Teachers |

| | | | | | |
|---|---|---|---|---|---|
| | | | | ക്യാമ്പസാക്കുക<br>.<br>പഠനയാത്ര | |

| | | | | | |
|---|---|---|---|---|---|
| Mathematics | 5-10 | ജൂൺ-ഒക്ടോബർ<br><br>സെപ്തംബർ | *അടിസ്ഥാന ചതുഷ്ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പു വരുത്തുന്നു.<br><br>*പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ<br><br>* ഗണിതപഠനം രസകരമാക്കുന്നതോടൊപ്പം കുട്ടികളുടെ കലാശേഷികൾ വികസിപ്പിക്കുന്നു.<br><br>3. പ്രശ്നോത്തരി<br><br>4.പ്രതിഭകളെ കണ്ടെത്തൽ | അടിസ്ഥാന ഗണിത ക്രിയകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് അധിക സമയം പ്രത്യേക ക്ലാസ്സുകൾ നൽകുന്നു. നമ്പർ കാർഡ്, മുത്തുകൾ ... എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളിലൂടെ ഇവ കൂടുതൽ രസകരമാക്കുന്നു.<br><br>അടിസ്ഥാനക്രിയകൾ ഉറച്ചിട്ടുണ്ടോ എന്നു പരിശോധിക്കുന്നതിനുള്ള വർക്ക് ഷീറ്റുകൽ നൽകുന്നു<br><br>കുട്ടികളിൽ നിന്നും ഗ ഗണിത കവിതകൾ, ഗണിത കടംങ്കഥകൾ, | ഗണിത അധ്യാപകർ<br><br>ഗണിത അധ്യാപകർ<br><br>club<br><br>ഗണിത അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | | 5. | ഗണിത പസ്സിലുകൾ ….. എന്നിവ ശേഖരിച്ച് ഗണിത മാഗസിൻ തയ്യാറാക്കുന്നു കുട്ടികളിൽ<br><br>ഗണിതതാല്പര്യം വർദ്ധിപ്പിക്കുന്നതിന് ആഴ്ച്ച തോറും നടത്തപ്പെടുന്നു.<br><br>വിവിധയിനം(Geometrical chart,Number chart,Other chart,Puzzle,paper presentation) | |

| | | | | | |
|---|---|---|---|---|---|
| Work Experience | 5 - 9 | ജൂൺ- ജൂലൈ<br><br>ആഗസ്റ്റ് - ഒക്ടോബർ<br><br>നവംബർ<br><br>ഡിസംബർ - ജനുവരി | ഉപയോഗ്യമായ വസ്തുക്കളുടെ നിർമ്മാണം<br><br>ജൈവ കൃഷി<br><br>ആരോഗ്യം, ആരോഗ്യപരിപാലനം<br><br>വസ്ത്ര നിർമ്മാണം | ബുക്ക് ബൈന്റിംഗ്, പേപ്പർ ബഗ് , പേപ്പർ പേന.<br><br>ജൈവ വളങ്ങൾ മാത്രമുപയോഗിച്ച് വിവിധ ഇനം പച്ചകറികളും പഴവർഗ്ഗങ്ങളും നട്ടു പരിപാലിക്കുക<br><br>പഥമ ശുശ്രൂഷക്കാവശ്യമായ സാമഗ്രികൾ തയ്യാറാക്കുക.<br><br>പ്രഥമ ശുശ്രൂഷ നൽകുന്നത് പരിശീലിപ്പിക്കുക<br><br>വസ്ത്രങ്ങൾ ലളിതമായ രീതിയിൽ | പ്രവർത്തി പഠന ക്ലബ് അംഗങ്ങൾ<br><br>പ്രവർത്തി പഠന ക്ലബ് അംഗങ്ങൾ<br><br>പ്രവർത്തി പഠന ക്ലബ് അംഗങ്ങൾ |

| | | | | | |
|---|---|---|---|---|---|
| | | തുടർപ്രവർത്തനം | ഔഷധ തോട്ടം നിർമ്മിക്കുക. | നിർമ്മാണം നടത്തുക. വിവിധ തരത്തിലുള്ള പ്രിന്റിംഗ് , ചിത്രത്തുന്നൽ ,ഫാബ്രിക് പെയ്ന്റിംഗ് എന്നിവ നടത്തുക. | പ്രവർത്തി പഠന ക്ലബ് |
| | | ഫെബ്രുവരി | സേവനങ്ങൾ | നിത്യജീവിതത്തിന് ആവശ്യമായ ഔഷധ സസ്യങ്ങൾ സ്കൂളിൽ നട്ടു പരിപാലിക്കുക. | പ്രവർത്തി പഠന ക്ലബ് അംഗങ്ങൾ |
| | | മാർച്ച് | പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം | കാർഡ്, ചാർട്ട് എന്നിവ കൊണ്ടുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുക. ക്ലാസ് മുറിയിലേക്കും ഓഫീസ് ആവശ്യങ്ങൾ | പ്രവർത്തി പഠന ക്ലബ് അംഗങ്ങൾ |

| | | | | | |
|---|---|---|---|---|---|
| | | | | ക്കും ഉള്ള റൈറ്റിംഗ് പാഡ്, ഫയൽ ബോഡ് തുടങ്ങിയവ നിർമ്മിക്കുക.<br><br>പ്ലാസ്റ്റിക്ക് കവറുകൾ ഒഴിവാക്കി തുണിസഞ്ചി നിർമ്മിക്കുക | പ്രവർത്തി പഠന അംഗങ്ങൾ |

# ഉപസംഹാരം

വർത്തമാനകാല സാമൂഹിക ബോധത്തിന്റെ ഗുണപരവും ആധുനികവുമായ തലത്തിലേക്ക് പുത്തൻ തലമുറയെ ഉയർത്തുന്നതിന് ബോധപൂർവ്വം നടത്തുന്ന സാമൂഹിക പ്രക്രിയയാണ് വിദ്യാഭ്യാസം.വിദ്യാഭ്യാസ കാര്യങ്ങളിൽ അഭിമാനകരമായ മുന്നേറ്റം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും പല കാര്യങ്ങളിലും ഇനിയും മുന്നേറാൻ നമുക്ക് കഴിയേണ്ടതുണ്ട്.ഗുണമേന്മയുള്ള വിദ്യാഭ്യാസം നേടിയെടുക്കാനും വിദ്യാഭ്യാസത്തിൻറെ സമഗ്രമായ പുരോഗതിക്കും ജനാധിപത്യപരമായ നടത്തിപ്പിനും ഉറപ്പാക്കാനും സാമൂഹിക പങ്കാളിത്തം അത്യന്താപേക്ഷിതമാണ്ജീവിതഗന്ധിയായ പഠന അനുഭവങ്ങളിലൂടെ നിശ്ചയിക്കപ്പെട്ട പട്ടിണി ലക്ഷ്യങ്ങൾ നേടി എന്ന് ഉറപ്പാക്കുന്നതിനും കണ്ടെത്തി പരിഹരിക്കുന്നതിനും സഹായകമാകുന്നഅക്കാദമിക മാസ്റ്റർ പ്ലാൻ ആണ് തയ്യാറാക്കിയിരിക്കുന്നത് .ഓരോ പഠിതാവിനെയും കൃത്യമായി മനസ്സിലാക്കി അവരുടെ സമഗ്ര വികസനത്തിനായി പിന്തുണയ്ക്കുന്നപഠന പ്രവർത്തനങ്ങൾതുടർന്നും നൽകുവാൻ ആഗ്രഹിക്കുന്നു.